ശ്രീ. കെ. ഐ. വേലായുധൻ : ഇപ്പോഴത്തെ അണയെപ്പറ്റി വിശദമായ അന്വേഷണങ്ങളും നടത്തിക്കൊണ്ടിരിക്കയാണു്.

കുടിയൊഴിപ്പിക്കൽ കേസുകൾ.

* 138. [21] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂനയ ബില്ലുകൾ നിയമസഭയിൽ അവതരിപ്പിച്ചതോടുകൂടി കുടിയൊഴിപ്പിക്കൽ നിരോധന നിയമമനുസരിച്ചു് ഇതുവരെ എത്ര കേസുകൾ ചാർജ്ജു് ചെയ്തിട്ടുണ്ടു് ;

(ബി) എത്ര കേസുകൾ ശിക്ഷിച്ചിട്ടുണ്ടു് ;

(സി) എത്ര കേസുകൾക്കു് ഒത്തുതീർപ്പും, എത്രയെണ്ണത്തിനു് എക്സ് പാർട്ടി വിധിയും ഉണ്ടായിട്ടുണ്ടു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ഏ. ജെ. ജോൺ) :(എ) ഒരു കേസും രജിസ്റ്റർ ചെയ്തതായി അറിവില്ല.

(ബി, സി.) ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

പുതിയ ബസ്സ്റൂട്ടുകൾ

* 139. [22] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955 മാർച്ചു മുതൽ എത്ര പുതിയ ബസ്സ്റൂട്ടുകൾ അനുവദിച്ചിട്ടുണ്ടു് ;

(ബി) ഓരോ ഡിസ്ട്രിക്റ്റിലും ഏതെല്ലാം ലൈനാണെന്നു പറയാമോ ;

(സി) ട്രാൻസ്പോർട്ടു ബസ്സുകൾ ഓടാനുള്ള സൗകര്യമുണ്ടെങ്കിൽ എന്തുകൊണ്ടാണു് പ്രൈവറ്റു ബസ്സുകൾക്കുതന്നെ അനുവാദം നൽകുന്നതു് എന്നു് പറയാമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) : (എ) 21.

(ബി) ലിസ്റ്റു † മേശപ്പുറത്തു് വച്ചിട്ടുണ്ടു്.

(സി) ട്രാൻസ്പോർട്ടു ബസ്സുകൾ എല്ലാ റൂട്ടുകളിലും ഓടിക്കുവാൻ ഇപ്പോൾ നിർവ്വാഹമില്ല.

ശ്രീ. പി. കുഞ്ഞൻ : റൂട്ടുകൾ അനുവദിക്കുന്ന കാര്യത്തിൽ ഡയറക്റ്ററുടെ നിർദ്ദേശം ഗവണ്മെന്റു് ആരായാറുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : പ്രൈവറ്റു റൂട്ടുകൾ നൽകുന്നതിനു് കുറേ കമ്മിറ്റികളുണ്ടു്. ആ കമ്മിറ്റിയാണു് തീർച്ചയാക്കുന്നതു്.

ശ്രീ. പ്രാക്കുളം ഭാസി : പ്രൈവറ്റു റൂട്ടുകൾ അനുവദിക്കുമ്പോൾ ഓവർലാപ്പിംഗ് വരുന്നുണ്ടോ എന്നു് ഡയറക്റ്ററോടു് ആലോചിക്കുന്നുണ്ടോ ?

† Please see Appendix V.

LIBRARY ARCHIVES Kerala Legislative Assembly